**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2548** **27-02-2023 - ൽ മറുപടിയ്ക്ക്**

**കേബിൾ ടി.വി. ഓപ്പറേറ്റർമാരുടെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,**<br>**ശ്രീ. അനൂപ് ജേക്കബ് ,**<br>**ശ്രീ. മാണി. സി. കാപ്പൻ,**<br>**ശ്രീ. പി. ജെ. ജോസഫ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ഇ.ബി.യുടെ പുതിയ നയം കാരണം കേബിൾ ടി.വി. ഓപ്പറേറ്റർമാർ പ്രതിസന്ധിയിലായിരിക്കുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | കേബിൾ ടി.വി യുമായി ബന്ധപ്പെട്ട് പുതിയ നയ രൂപീകരണം നടന്നിട്ടില്ല. നിലവിൽ വൈദ്യുതി പോളുകൾ ഉപയോഗിക്കുന്നതിന് 26.02.2021, 02.03.2021 എന്നീ തീയതികളിലെ സർക്കാർ ഉത്തരവുകളുടെയും 05.07.2021 തീയതിയിലെ ബോർഡ് ഉത്തരവിന്റെയും അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരമാണ് വാടക ഈടാക്കുന്നത്. |

| Year | Cable TV Operators/Government Department/LSGDs/CCTV cameras by Residents Association (with 3% annual Increase)* | | All other applicants irrespective of the purpose like 2G/3G/4G services/mobile communications etc (with 5% annual Increase) | |
|---|---|---|---|---|
| | Urban | Rural | Urban | Rural |
| 22-23 | 309 | 149.35 | 531.92 | 265.96 |

*ഈ നിരക്ക് പ്രാബല്യത്തിൽ വന്നത് 01.04.2021 മുതലാണ്.

കേന്ദ്ര സർക്കാരിന്റെ ടെലികോം നയത്തിനനുസൃതമായി കെ.എസ്.ഇ.ബി പോളുകൾ ഉൾപ്പെടെയുള്ള സ്ട്രീറ്റ് ഫർണിച്ചറുകൾ ഉപയോഗിക്കുന്നതിന് കേബിൾ ടി.വി ഓപ്പറേറ്റർമാർക്കും ഇന്റർനെറ്റ് സേവനദാതാക്കൾക്കും നിശ്ചയിക്കേണ്ട നിരക്കുകൾ ഇലക്ട്രോണിക്സ് ആന്റ് ഐ.ടി വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനിക്കുവാൻ 10.01.2023-ൽ ചീഫ് സെക്രട്ടറി നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ